# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/274/2017 2017 ഡിസംബർ 29

## പത്രക്കുറിപ്പ്

### പി.എച്ച്.ഡി. കോഴ്സ് വർക്ക്

2017ലെ പി.എച്ച്.ഡി. പ്രവേശനത്തിന് യോഗ്യത നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ കോഴ്സ്വർക്ക് ജനുവരി 1ന് ഗവേഷണകേന്ദ്രങ്ങളിൽ ആരംഭിക്കും. രജിസ്ട്രേഷൻ ഉത്തരവുകൾ ലഭിക്കാത്ത വിദ്യാർത്ഥികൾ സർവ്വകലാശാലാ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതാണ്.

### പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ എം.എസ്.സി. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് / ഫുഡ് സയൻസ് ആന്റ് ടെക്നോളജി/ ഫുഡ് സയൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ (സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) - ഡിസംബർ 2017 പരീക്ഷകളുടെ പ്രാക്ടിക്കൽ ജനുവരി 9 മുതൽ ബന്ധപ്പെട്ട കോളേജുകളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

2017 ഒക്ടോബറിൽ നടത്തിയ അവസാനവർഷ എം.എസ്.സി. മെഡിക്കൽ മൈക്രോ ബയോളജി, മാസ്റ്റർ ഓഫ് ഫിസിയോ തെറാപ്പി (റഗുലർ/സപ്ലിമെന്ററി) എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ജനുവരി 11 വരെ അപേക്ഷിക്കാം. എം.എസ്.സി. മെഡിക്കൽ മൈക്രോ ബയോളജിയിൽ ഗാന്ധിനഗർ എസ്.എം.ഇ.യിലെ ശില്പ എസ്, സുബാന എസ്, ടോണിയ എലിസബത്ത് തോമസ് എന്നിവരും മാസ്റ്റർ ഓഫ് ഫിസിയോ തെറാപ്പിയിൽ ഗീതു കൃഷ്ണ, രസ്ന എസ്., ജോസ്മി ജോസഫ് എന്നിവരും യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ഫൈറ്റോ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 11 വരെ അപേക്ഷിക്കാം.

### അസ്പയർ സ്കോളർഷിപ്പ്

സംസ്ഥാനത്തെ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പഠിക്കുന്ന പി.ജി. വിദ്യാർത്ഥികൾക്ക് പുറമെയുള്ള സ്ഥാപനങ്ങളിൽ ഹൃസ്വകാല പ്രോജക്ടുകളും ഇന്റേൺഷിപ്പും ചെയ്യാൻ പ്രോത്സാഹനം നൽകുന്ന അസ്പയർ സ്കോളർഷിപ്പിനുള്ള യോഗ്യതാ മാനദണ്ഡങ്ങളും മാർഗനിർദ്ദേശങ്ങളും പുതുക്കി നിശ്ചയിച്ചു. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

### സ്റ്റാഫ് നഴ്സ് പി.എസ്.സി. പരീക്ഷാ പരിശീലനം

മഹാത്മാഗാന്ധി സർവ്വകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 പരീക്ഷയ്ക്കുള്ള പരിശീലനം ജനുവരി 1ന് ആരംഭിക്കും. യൂണിവേഴ്സിറ്റി കാമ്പസിൽ നടത്തുന്നപരിശീലന പരിപാടിയിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിവരങ്ങൾക്ക് ഫോൺ: 0481 – 2731025.

## സിൻഡിക്കേറ്റ് യോഗം

മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം ജനുവരി 12ന് രാവിലെ 10.30ന് സർവ്വകലാശാലാ സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്തുന്നതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**